Talented Bankers Literary Panel
പുസ്തക പരിചയം 191

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

കോമാങ്ങ (കവിത)
നന്ദനൻ മുള്ളമ്പത്ത്.

31 കവിതകളല്ല,
31 ചിന്തകൾ !
അതാണ് **#കോമാങ്ങ**

കുഴൂര് നിർത്തിയേടത്തു നിന്ന്
കൊട്ടിക്കയറുകയാണ് നന്ദനൻ

" എനിക്കിതൊരു കാൽവെപ്പ്,
പക്ഷേ മനുഷ്യരാശിക്കൊരു കുതിച്ചു ചാട്ടം ! "
എന്ന് വർഷങ്ങൾക്ക് മുമ്പ്
നീൽ ആംസ്ട്രോങ്ങ് എഴുതിയ കവിതയെ
അയാൾ മൂർച്ച(ച്ഛ)കൂട്ടി കൂടുതൽ സുന്ദരിയാക്കിയിരിക്കുന്നു.

അറിയാതെ പോലും അതിന്റെ
ചിറകിൽ സ്പർശിക്കരുതേ!
നിങ്ങളെയത് ആഴത്തിൽ മുറിവേൽപ്പിച്ചു കളയും!

നമ്മുടെ പാവം വിഹായസ്സിലേക്ക്
അമ്പുകൾ അയച്ചുകൊണ്ട് ഉടനീളം പൊട്ടിച്ചിരിക്കുന്നു നന്ദനൻ.

ദാവീദിനെ പോലെയുള്ള വരികൾ
തലച്ചോറിലൂടെ കടന്നു പോകുമ്പോൾ
ഗോലിയാത്തുകളായി മാറുന്ന മാന്ത്രികത!

ഒന്നാം ക്ലാസ് വിദ്യാർത്ഥിക്കു മുതൽ
ഒന്നാം ക്ലാസ് നിരൂപകനു വരെ
ഇതിൽ കയറിയിറങ്ങി നടക്കാം!
അൽഭുതം കൂറാം!
രുചിക്കാം, രമിക്കാം, രസിക്കാം!

'എന്റെ നാട്ടാരുടെ നാവുകളിലുണ്ട് കവിത. അതു മോഷ്ടിക്കുന്ന ഒരു
പാവം കള്ളൻ മാത്രമാണു ഞാൻ' എന്നയാൾ

പറയാതെ പറയുന്നുണ്ട്.

പെണ്ണുങ്ങളേ,
നിങ്ങൾ നെല്ലുചിക്കിക്കോണ്ട്
ബർത്താനം പറയുമ്പോ,
അടുത്ത മരക്കൊമ്പിൽ
ചാഞ്ഞിരുന്നു നിങ്ങളെ നോക്കുന്ന
കാക്കയെ ഒന്ന് സൂക്ഷിച്ചോളോ!
അത് നന്ദനനായിരിക്കും!

ആണുങ്ങളേ,
നിങ്ങള് മോന്തിക്ക് പണീം നിർത്തി ഷാപ്പിലേക്ക് മോന്താൻ പോകുമ്പോ
എതിരെ സൈക്കിളിൽ വരണ ആളെ
ഒന്ന് ശ്രദ്ധിച്ചോളോ!
അതും നന്ദനനായിരിക്കും!

പുസ്തകം മടക്കി വയ്ക്കുമ്പോൾ നാൽപ്പത്തിയഞ്ചാം പേജിലെ കണ്ണേട്ടനെ പോലെ നമ്മളും പറയും ;

കവിത മരിച്ചിട്ടില്ല.

ഡിസി ആണ് പ്രസാധകർ
വില - Rs.110/-